"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ലോക് സഭ ഇലക്ഷൻ 2024 - പോലീസ് വകുപ്പിന്റെ നിലവിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.989/2024/HOME തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 29.02.2024-ലെ ബി1-112/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) സ.ഉ.(സാധാ) നം.2825/2024/ധന തീയതി. 22.03.2024.

**<u>ഉത്തരവ്</u>**

2024-ലെ പൊതു തെരഞ്ഞെടുപ്പിനു മുന്നോടിയായി പോലീസ് വകപ്പിന്റെ കുടിശ്ശിക തീർക്കുന്നതിനും, ഇലക്ഷനുമായി ബന്ധപ്പെട്ട പ്രത്യേക ചെലവുകൾക്കും അധിക തുകയായി 57,43,32,000/-രൂപ അനുവദിക്കുന്നതിന് പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിന്റെ നിലവിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി, ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി 26,35,73,000/-രൂപ (ഇരുപത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) Kerala Financial Code Volume I Article 40 A പ്രകാരം പ്രാപ്തനായ അധികാരി പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ചെലവുകൾ കമ്മിറ്റ് ചെയ്യാൻ പാടുള്ളൂ.

ii) Financial Delegation exercise ചെയ്യണമെങ്കിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ആവശ്യമാണ്. ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരിക്കണമെന്നത് സാമ്പത്തിക തത്വമായതിനാൽ അപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന ചെലവുകൾക്ക് ബഡ്ജറ്റ് പ്രൊവിഷനിൽ അധികരിച്ച കുടിശ്ശിക ഉണ്ടാവാൻ സാധ്യതയില്ല. ഇപ്പോൾ കുടിശ്ശികയുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള കുടിശ്ശികകൾ എല്ലാം സാധുവായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഉണ്ടായ ചെലവുകൾ അല്ല. ആയതിനാൽ ഭാവിയിൽ ഭരണാനുമതി നൽകുമ്പോൾ മേൽപ്പറഞ്ഞ ധനകാര്യ തത്വം കൃത്യമായി പാലിക്കേണ്ടതാണ്. പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ചെലവുകൾ commit ചെയ്യാവൂ, അപ്രകാരമല്ലാത്ത കുടിശ്ശികകൾ ഭാവിയിൽ അംഗീകരിക്കുന്നതല്ല.

iii) ഓരോ ശീർഷകത്തിലും ഒരു സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് തുകയിൽ പരിമിതപ്പെടുത്തുന്നതിന് കൃത്യമായ സാമ്പത്തിക ആസൂത്രണം സാമ്പത്തിക വർഷത്തിന്റെ

ആദ്യം തന്നെ പോലീസ് വകുപ്പ് നടത്തേണ്ടതും, അതുവഴി സാമ്പത്തിക വർഷാവസാനം ഒഴിച്ചു കൂടാനാവാത്ത ചെലവുകൾക്കുപോലും പണം ഇല്ലാതെ വരുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

iv) ഏതെങ്കിലും കാരണവശാൽ അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് വിഹിതം ചെലവുകൾക്ക് പര്യാപ്തമല്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയത് ധനകാര്യ വകുപ്പിനെ മുൻകൂട്ടി അറിയിച്ച് അധിക ചെലവ് നടത്തുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും വാങ്ങി പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് പ്രൊവിഷനെ അധികരിക്കുന്ന തുകയ്ക്ക് Delegation of Financial Power, exercise ചെയ്ത് കൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്. അത്തരം ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ചെലവുകളുടെ കുടിശ്ശിക തീർക്കുന്നതിന് മാത്രമേ ഭാവിയിൽ അധിക ധനാനുമതി അനുവദിക്കാൻ കഴിയുകയുള്ളൂ.

v) ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന ബഡ്ജറ്റ് പ്രൊവിഷൻ അതാത് സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് വേണ്ടിയുള്ളതായതിനാൽ മുൻ വർഷത്തെ കുടിശ്ശിക തൻ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് നൽകേണ്ട സാഹചര്യമുണ്ടായാൽ ആയതിന് ധനകാര്യ വകുപ്പിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങേണ്ടതാണ്.

vi) ബഡ്ജറ്റ് പ്രൊവിഷൻ കീഴ് ഓഫീസുകൾക്ക് അലോട്ട്മെന്റ് നൽകി കഴിയുമ്പോൾ മാത്രമേ പ്രസ്തുത ബഡ്ജറ്റ് പ്രൊവിഷൻ അടിസ്ഥാനപ്പെടുത്തി കീഴ് ഓഫീസുകൾ അവരവരുടെ ഫിനാൻഷ്യൽ ഡെലിഗേഷൻ അനുസരിച്ച് ഭരണാനുമതി നൽകാവൂ.

vii) പോലീസ് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക് നൽകേണ്ട ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ പ്രൊപ്പോസലുകളും ഫിനാൻസ് ഓഫീസറുടെ അഭിപ്രായം/ശിപാർശ സഹിതം സമർപ്പിക്കേണ്ടതാണ്.

അടുത്ത സാമ്പത്തിക വർഷം മുതൽ മേൽപ്പറഞ്ഞ ധനകാര്യ തത്വങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23.03.2024 ലെ വ്യയം-എ3/135/2024-ധന(പാർട്ട് 1) (ഇ-2741065) പ്രകാരം).
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeer S
Date: 30-03-2024 22:00:06
സെക്ഷൻ ഓഫീസർ